# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 227/2024** **തിരുവനന്തപുരം, തീയതി: 10/10/2024**


# പത്രക്കുറിപ്പ്

## സീറ്റൊഴിവ്

കേരളസർവകലാശാല അറബി പഠന വകുപ്പ് നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ അറബിക് ട്രാൻസിലേഷൻ പ്രോഗ്രാമിലേക്ക് (2024-2025) എസ്.സി./എസ്.ടി. കാറ്റഗറിയിൽ സീറ്റൊഴിവുണ്ട്. (SC – 02, ST – 01), യോഗ്യത : അറബി ഭാഷയിൽ ബിരുദം/തത്തുല്യം. താൽപ്പര്യമുള്ളവർ അസ്സൽ രേഖകളുമായി 2024 ഒക്ടോബർ 15 ന് രാവിലെ 11 മണിക്ക് കാര്യവട്ടം ക്യാമ്പസ്സിലെ കേരളസർവകലാശാല അറബിക് പഠന വകുപ്പിൽ ഹാജരാവുക. വിശദവിവരങ്ങൾക്ക് 9747318105 എന്ന നമ്പരിൽ ബന്ധപ്പെടുക.

## പ്രാക്ടിക്കൽ/വൈവവോസി പരീക്ഷ പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2024 ഒക്ടോബർ 14 ന് നടത്താനിരുന്ന എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവവോസി പരീക്ഷ ഒക്ടോബർ 21 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ. (www.keralauniversity.ac.in)

## സൂക്ഷ്മപരിശോധന തീയതി മാറ്റി

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. പരീക്ഷയുടെ 2024 ഒക്ടോബർ 11 ന് നടത്താനിരുന്ന ഉത്തരക്കടലാസ്സുകളുടെ സൂക്ഷ്മപരിശോധന പൊതുഅവധി കാരണം 2024 ഒക്ടോബർ 14 ലേക്ക് മാറ്റിയിരിക്കുന്നു.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും, പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 ഒക്ടോബർ 14 മുതൽ 21 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ E.J II സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**